**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 410** **20-07-2022 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോക്കുകൂലിയും അട്ടിമറിക്കൂലിയും പൂർണ്ണമായി നിയന്ത്രിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | 30.04.2018-ലെ സ.ഉ.(സാധാ)നം.511/2018/ തൊഴിൽ പ്രകാരം സംസ്ഥാന സർക്കാർ നോക്കുകൂലി നിരോധിച്ചിട്ടുണ്ട്. തൊഴിലാളി കൾക്കിടയിൽ അവബോധവും പ്രചരണവും നടത്തിയതുവഴി നോക്കുകൂലി ഏറെക്കുറെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും എഫ്.സി.ഐ. ഗോഡൗണിൽ കയറ്റിറക്ക് കൂലി തർക്കത്തെ തുടർന്ന് ഭക്ഷ്യ ധാന്യ വിതരണം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആലപ്പുഴ, മാവേലിക്കര എഫ്.സി.ഐ ഗോഡൗണുകളിൽ കയറ്റിറക്ക് കൂലി തർക്കം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | എഫ്.സി.ഐ ഗോഡൗണുകൾ കേന്ദ്ര സർക്കാരിന്റെ അധീനതയുള്ള സ്ഥാപനങ്ങളായ തിനാൽ അവിടുത്തെ തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന തൊഴിൽ വകുപ്പിന് പരിമിതികളുണ്ട്. എന്നിരുന്നാലും, തൊഴിൽ തർക്കങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ സംവിധാനത്തിൽ ഉണ്ടാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ 5 മേഖലകളിലുമായി തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, സിവിൽ സപ്ലൈസ്സ് കോർപ്പറേഷന്റെ മേഖലാതല ഉദ്യോഗസ്ഥൻ, ജില്ലാ ലേബർ ഓഫീസർ, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റിയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി 17/03/2022 തീയതിയിലെ G.O(M.S)No.12/2022/LBR പ്രകാരം ഒരു സ്ഥിരം സമിതി രൂപീകരിക്കുകയും മേൽ കമ്മിറ്റികൾ |

| | | | |
|---|---|---|---|
| | | | അതാത് ജില്ലകളിലെ പ്രശ്നങ്ങൾ യഥാസമയം ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ